# ആലപ്പുഴയിൽ കോവിഡിനെതിരെ

# കാർട്ടൂണ് മതിൽകെട്ടി

ആലപ്പുഴ: കൊറോണ വൈറസ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി മതിലുകളില് ബോധവത്കരണ കാർട്ടൂണുകള് വരച്ച് കേരള കാർട്ടൂണ് അക്കാദമി. കൊവിഡ്-19 നെതിരെ കേരളം പടുത്തുയർത്തിയ പ്രതിരോധ മുന്നേറ്റത്തിന്റെ കാഴ്ച്ചകളാണ് ആലപ്പുഴ കളക്ടറേറ്റിന് എതിർവശത്ത് ഗവ. മുഹമ്മദൻസ് സ്കൂളിന്റെ മതിലില് നിറഞ്ഞു നിൽക്കുന്നത്. സംസ്ഥാന സാമൂഹിക സുരക്ഷാ മിഷനും കേരള കാർട്ടൂണ് അക്കാദമിയും ചേർന്നാണ് ബ്രേക്ക് ദ ചെയിന് കാമ്പയിനിന്റെ ഭാഗമായി കാർട്ടൂണ് വര പരിപാടി സംഘടിപ്പിച്ചത്. ആരോഗ്യ പ്രവർത്തകരും, സിനിമാ താരങ്ങളുമെല്ലാം വരകളിൽ ഇടംപിടിച്ചു.

വൈദ്യുതിക്കമ്പികളിൽ അകലം പാലിച്ച് നിരന്നിരിക്കുന്ന കാക്കകള്, അതിനു താഴെ വാചകം ഇങ്ങനെ. കിളികളിൽ നിന്നു പഠിക്കാം കരുതലിന്റെ പാഠം. സാമൂഹിക അകലം... കരുതലിന്റെ പുതിയ ചുവടുവെയ്പായി നഗരമദ്ധ്യത്തിൽ ഉയർന്ന കാർട്ടൂണ് മതിലിലെ ചിത്രമാണിത്.

മറ്റൊരു കാർട്ടൂണില് ഫഹദ് ഫാസിലിന്റെ ചിത്രം, 'ഷമ്മി ഹീറോയാടാ ഹീറോ' എന്ന സിനിമാ ഡയലോഗിനൊപ്പം കാർട്ടൂണിസ്റ്റിന്റെ അടിക്കുറിപ്പുമുണ്ട്. ശ്രദ്ധിച്ചാൽ 'ഹീറോ അല്ലെങ്കിൽ സീറോ'. മാസ്ക് താഴ്ത്തി ധരിച്ച് സ്കൂട്ടറില് പോകുന്ന ആളുടെ പിന്നിലെ സീറ്റില് കൊറോണ കൊലച്ചിരി ചിരിക്കുന്നതാണ് മറ്റൊരു കാർട്ടൂണ്. നിർദ്ദേശങ്ങളുമായി ശങ്കരാടിയും കുഞ്ഞുണ്ണി മാഷുമെല്ലാം ചിത്രങ്ങളിലുണ്ട്. ബ്രേക്ക് ദ ചെയിന് കാമ്പയിന്റെ ഭാഗമായിട്ടായിരുന്നു പരിപാടി.

കാർട്ടൂണ് അക്കാദമി ചെയർമാന് കെ.ഉണ്ണികൃഷ്ണൻ, സെക്രട്ടറി അനൂപ് രാധാകൃഷ്ണൻ, ജോ. സെക്രട്ടറി ഡാവിഞ്ചി സുരേഷ്, സുഭാഷ്കല്ലൂര്, രതീഷ് രവി, ശിവദാസ് വാസു, കലേഷ് പൊന്നപ്പൻ, പി.സുരേഷ് ഹരിപ്പാട്, സജീവ് ശൂരനാട്, സനീഷ് ദിവാകരൻ എന്നിവരാണ് കാർട്ടൂണുകള് വരച്ചത്.

മാസ്കും സാനിറ്റൈസറും കാർട്ടൂണിസ്റ്റുകൾക്ക് നൽകിക്കൊണ്ട് ഡെപ്യൂട്ടി കളക്ടര് ആശ. സി. എബ്രഹാം കാർട്ടൂണ് മതില് ഉദ്ഘാടനം നിർവഹിച്ചു. കേരള സാമൂഹ്യ സുരക്ഷാ മിഷൻ ജില്ലാകോർഡിനേറ്റര് ജിൻസ് എം.സി നേതൃത്വം നൽകി. വയോമിത്രം കോ-ഓർഡിനേറ്റർമാരായ അശ്വതി എ. ആർ, ഷിനോജ്, വയോമിത്രം യൂണിറ്റുകളിലെ സ്റ്റാഫ് , ആരോഗ്യ വിഭാഗം ഡെപ്യൂട്ടി ഡി. എം. ഒ ഡോ.അനു വർഗീസ്, ജനറൽ ആശുപത്രിയിലെ ജീവനക്കാർ തുടങ്ങിയവര് പരിപാടിയില് പങ്കെടുത്തു.

(ചിത്രം)

# ടെൻഡർ ക്ഷണിച്ചു

ആലപ്പുഴ: കോറോണ വൈറസ് വ്യാപനത്തെ തുടർന്ന് ലോക്ഡൗൺ നീട്ടിയതിനാൽ ഹരിപ്പാട് താലൂക്ക് ആശുപത്രിയിലേക്ക് ആവശ്യമായ എക്സ്റേ, അൾട്രാ സൗണ്ട് സ്കാൻസ് ആൻഡ് അദർ ഇൻവെസ്റ്റിഗേഷൻ ഉപകരണങ്ങൾ, മെഡിക്കൽ ഓക്സിജൻ ആൻഡ് നൈട്രസ്സ് ഓക്സൈഡ്, മെഡിസിൻ, സർജിക്കൽ ഐറ്റംസ്,ഓർത്തോ ഇംപ്ലാൻസ് എന്നിവയ്ക്കായുള്ള ടെൻഡർ മെയ് 20ന് തുറക്കും. ടെണ്ടറിൻറെ ഫോം വിതരണം മെയ് 19 വരെ നടക്കും.